# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3138 10.12.2018 ൽ മറുപടിക്ക്**

**വൈത്തിരി മിനി സിവിൽസ്റ്റേഷൻ നിർമ്മാണ പ്രവർത്തനങ്ങൾ**

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.സി. കെ. ശശീന്ദ്രൻ** | | **ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) ബജറ്റിൽ പ്രഖ്യാപിച്ച വൈത്തിരി മിനി സിവിൽസ്റ്റേഷൻ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് കാലതാമസം നേരിട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;<br>(ബി) പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ അവസ്ഥ വിശദീകരിക്കാമോ; പ്രസ്തുത പ്രവൃത്തി എന്ന് ആരംഭിക്കാൻ കഴിയും എന്ന് വെളിപ്പെടുത്താമോ? | (എ) & (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വൈത്തിരി മിനി സിവിൽ സ്റ്റേഷൻ ബി-ബ്ലോക്ക് (സബ് ട്രഷറി, സബ് രജിസ്ട്രാർ ഓഫീസ്) നിർമ്മിക്കുന്നതിന് 27.02.2017 ലെ സ.ഉ. (സാധാ) നം. 246/2017/പൊ.മ.വ പ്രകാരം 300.00 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിരുന്നു. രജിസ്ട്രേഷൻ വകുപ്പിന്റെ കയ്യിലുള്ള ഭൂമിയുടെ പരിമിതി മൂലം കെട്ടിട നിർമ്മാണത്തിന് അനുയോജ്യമല്ലാത്തതിനാൽ റവന്യൂ വകുപ്പിന്റെ കൈവശമുള്ള ഭൂമിയിൽ കെട്ടിടം നിർമ്മിക്കുവാൻ തീരുമാനിക്കുകയും കെട്ടിടത്തിന്റെ പ്രാഥമിക പ്ലാൻ തയ്യാറാക്കി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ടി പ്രവൃത്തിയുടെ സാങ്കേതികാനുമതിക്കുള്ള നടപടി പൂർത്തിയാക്കിയ ശേഷം ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്. കെട്ടിടം നിർമ്മിക്കുന്നതിന് ആദ്യം നിശ്ചയിച്ച സ്ഥലത്തിന് മാറ്റം സംഭവിച്ചിട്ടുള്ളതിനാലാണ് പ്രവൃത്തിയുടെ നടത്തിപ്പിന് കാലതാമസം സംഭവിച്ചിട്ടുള്ളത്. |

**സെക്ഷൻ ഓഫീസർ**